REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ജില്ലാ ജുഡീഷ്യറി സംവിധാനത്തിന്റെ ദേശീയ സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ഡൽഹി ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും.
- RSS-ന്റെ മൂന്ന് ദിവസത്തെ അഖില ഭാരതീയ സമന്വയ ബൈഠക്കിന് ഇന്ന് പാലക്കാട്ട് തുടക്കമാകും.
- വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പുകളിൽ കഴിയുന്നവരെ എത്രയും വേഗം വീടുകളിലേക്ക് മാറ്റി താമസിപ്പിക്കണമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച്.
- സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- പാരീസ് പാരാലിമ്പിക്സിൽ സ്വർണ്ണം നേടിയ അവനി ലെഖാരയെ രാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു.

## വാർത്തകൾ വിശദമായി

ജില്ലാ ജുഡീഷ്യറി സംവിധാനത്തിന്റെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ രാവിലെ ഉദ്ഘാടനം ചെയ്യും. സുപ്രീം കോടതി സ്ഥാപിച്ചതിന്റെ 75-ാം വാർഷിക സ്മരണിക സ്റ്റാമ്പും ചടങ്ങിൽ പ്രധാനമന്ത്രി പ്രകാശനം ചെയ്യും. സുപ്രീം കോടതിയുടെ ആഭിമുഖ്യത്തിലാണ് അഞ്ച് സെഷനോട് കൂടിയ

സമ്മേളനം. ചീഫ് ജസ്റ്റിസ്, കേന്ദ്ര നിയമ മന്ത്രി, അറ്റോർണി ജനറൽ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകഴിഞ്ഞ് മൂന്ന് വന്ദേഭാരത് ട്രെയിനുകൾ ഓൺലൈനായി ഫ്ലാഗ് ഓഫ് ചെയ്യും. ചെന്നൈ-നാഗർകോവിൽ, മധുര - ബംഗലുരു, മീററ്റ് - ലക്നൗ റൂട്ടുകളിലാണ് പുതിയ സർവീസുകൾ.

✪✪✪

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും JMM നേതാവുമായ ചമ്പായ് സോറൻ BJP-യിൽ ചേർന്നു. റാഞ്ചിയിൽ ഇന്നലെ സംഘടിപ്പിച്ച ചടങ്ങിൽ മുതിർന്ന പാർട്ടി നേതാക്കളായ ശിവരാജ് സിംഗ് ചൗഹാൻ, ഹിമന്ത ബിശ്വ ശർമ്മ, ബാബുലാൽ മറാണ്ടി തുടങ്ങിയവർ പങ്കെടുത്തു. ഗോത്ര വർഗ്ഗങ്ങളുടെ വ്യക്തിത്വം സംരക്ഷിക്കാനും ബംഗ്ലാദേശ് നുഴഞ്ഞു കയറ്റക്കാർ ജാർഖണ്ഡിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അവസാനിപ്പിക്കാനുമാണ് BJP യിൽ ചേരുന്നതെന്ന് സോറൻ വ്യക്തമാക്കി.

✪✪✪

RSS-ന്റെ മൂന്ന് ദിവസത്തെ അഖില ഭാരതീയ സമന്വയ ബൈഠക്കിന് ഇന്ന് പാലക്കാട് അഹല്യ കാമ്പസിൽ തുടക്കമാകും.

RSS സർസംഘചാലക് ഡോ.മോഹൻ ഭാഗവത്, സർ-കാര്യവാഹ് ദത്താത്രേയ ഹൊസബാളെ തുടങ്ങിയവർ നേതൃത്വം നൽകും. 90 അഖില ഭാരതീയ കാര്യകർത്താക്കളും

RSS-മായി ചേർന്ന് പ്രവർത്തിക്കുന്ന 32 സംഘടനകളുടെ 230 പ്രതിനിധികളും ബൈഠക്കിൽ പങ്കെടുക്കും.

✪✪✪

വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പുകളിൽ കഴിയുന്നവരെ എത്രയും വേഗം വീടുകളിലേക്ക് മാറ്റി താമസിപ്പിക്കണമെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിർദേശിച്ചു. ക്യാമ്പിൽ നിന്ന് ചിലർ മാറാൻ തയ്യാറാകാത്തതിന്റെ കാരണങ്ങൾ പരിശോധിക്കണമെന്നും ജസ്റ്റിസുമാരായ A.K ശങ്കരൻ നമ്പ്യാർ, V.M ശ്യാംകുമാർ എന്നിവർ അടങ്ങിയ ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു. വയനാട് ദുരന്തത്തിൽ സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു ഹൈക്കോടതി.

ന്യൂസ് ഡെസ്കിൽ കൂടുതൽ വിവരങ്ങൾ

................വോയ്സ്...........

ദുരന്തത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരുടെ ബില്ലുകൾ ഗവൺമെൻറ് നൽകുന്ന കാര്യം പരിശോധിക്കണമെന്നും കൂടുതൽ പരാതി പരിഹാര സെല്ലുകൾ ആരംഭിക്കണമെന്നും ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു. ദുരിതബാധിതരിൽ നിന്ന് പ്രതിമാസ വായ്പ അടവ് പിടിക്കുന്നുണ്ടോ എന്ന കാര്യവും പരിശോധിക്കണമെന്ന് ബെഞ്ച് നിർദ്ദേശിച്ചു. കേസ് അടുത്ത വെള്ളിയാഴ്ച കോടതി വീണ്ടും പരിഗണിക്കും.

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം പ്രദേശങ്ങൾ നിയമസഭാ പരിസ്ഥിതിസമിതി ഇന്നലെ സന്ദർശിച്ചു. E.K വിജയൻ ചെയർമാനും, മോൻസ് ജോസഫ്, ലിന്റോ ജോസഫ്, ജോബ് മൈക്കിൾ, T.I മധുസൂദനൻ, K.D പ്രസേനൻ, സജീവ് ജോസഫ് എന്നിവർ അംഗങ്ങളുമായ സമിതിയാണ് സന്ദർശനം നടത്തിയത്.

കോഴിക്കോട്, വയനാട്, മലപ്പുറം ഇടുക്കി ജില്ലകളിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ദുരന്ത സാധ്യതകളും വിദഗ്ധ സംഘത്തിന്റെ നേതൃത്വത്തിൽ പഠിക്കുമെന്ന് സമിതി അറിയിച്ചു.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ A.A റഷീദ് രാവിലെ മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കും. കമ്മീഷൻ അംഗങ്ങളായ A. സൈഫുദ്ദീൻ ഹാജി, P. റോസ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഘത്തിലുണ്ടാകും.

✪✪✪

വയനാട് ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ബോധ വത്ക്കരണം നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ A.A റഷീദ് നിർദേശം നൽകി. കൽപറ്റ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലെ സിറ്റിംഗിൽ കമ്മീഷൻ സ്വമേധയാ എടുത്ത കേസ് പരിഗണിക്കുമ്പോഴായിരുന്നു കമ്മീഷന്റെ നിർദ്ദേശം.

✪✪✪

മുണ്ടക്കൈ- ചൂരൽമല ദുരന്തത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ട കാലിക്കറ്റ് സർവകലാശാല, ടെക്നിക്കൽ എഡ്യുക്കേഷൻ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിച്ച 30 വിദ്യാർഥികൾക്ക് പകരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ദുരന്തബാധിതാ പ്രദേശത്തെ വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായമുണ്ടാകുമെന്ന് ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത മന്ത്രി ഡോ. R. ബിന്ദു അറിയിച്ചു.

✪✪✪

സംസ്ഥാനത്ത്  ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പാലക്കാട്,തൃശൂർ, തിരുവനന്തപുരം, കൊല്ലം ഒഴികെ 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

2022 ലെ ക്ഷേത്ര കലാ അവാർഡുകൾ 36 പേർക്ക് സമ്മാനിക്കും. ഗായിക K.S.ചിത്രയ്ക്ക് ക്ഷേത്ര കലാശ്രീ പുരസ്കാരം നൽകുമെന്ന് ക്ഷേത്രകലാ അക്കാദമി ചെയർമാൻ കാഞ്ഞങ്ങാട് രാമചന്ദ്രനും, M. വിജിൻ MLA-യും കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഡോ.രാജശ്രീ വാര്യർ, ഡോ. RLV രാമകൃഷ്ണൻ എന്നിവർക്ക് ക്ഷേത്ര കലാ ഫെലോഷിപ്പ് നൽകും. 25 പേർക്ക് ക്ഷേത്ര കലാ

അവാർഡും ആറ് പേർക്ക് ഗുരുപൂജ അവാർഡും സമ്മാനിക്കും.

✪✪✪

പാരീസ് പാരാലിമ്പിക്സിൽ വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ഇനത്തിൽ സ്വർണ്ണം നേടിയ അവനി ലെഖാരയെ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഉൾപ്പടെ പ്രമുഖർ അഭിനന്ദിച്ചു. പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ വെള്ളി നേടിയ മനീഷ് നർവാളിനെയും വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ വെങ്കല ജേതാവ് മോന അഗർവാളെയും വനിതകളുടെ 100 മീറ്റർ ഓട്ടത്തിൽ വെങ്കലം നേടിയ പ്രീതി പാലിനെയും അവർ അഭിനന്ദിച്ചു.

✪✪✪

പാരാലിമ്പിക് ഗെയിംസ് അമ്പെയത്തിൽ ഇന്ത്യയുടെ രാകേഷ് കുമാറും സരിതയും ക്വാർട്ടർ ഫൈനലിലെത്തി. രണ്ടാം റൗണ്ടിൽ രാകേഷ് ഇന്തോനേഷ്യൻ താരത്തെയും, സരിത ഇറ്റലി താരത്തെയും നേരിടും.

✪✪✪

ഡ്യുറന്റ് കപ്പ് ഫൈനലിൽ ഇന്ന് മോഹൻ ബഗാൻ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകിട്ട് അഞ്ചരയ്ക്കാണ് കിരീട പോരാട്ടം.

✪✪✪

ശ്രീകുമാരൻ തമ്പി ഫൗണ്ടേഷന്റെ ഈ വർഷത്തെ പുരസ്കാരം വൈകിട്ട് മോഹൻലാലിന് മുഖ്യമന്ത്രി പിണറായി

വിജയൻ സമ്മാനിക്കും. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന ശ്രീമോഹന പരിപാടിയിലാണ് പുരസ്കാര സമർപ്പണം. കവിയും ചലച്ചിത്രകാരനുമായ ശ്രീകുമാരൻ തമ്പിയുടെ ശതാഭിഷേകത്തോട് അനുബന്ധിച്ചാണ് പുരസ്കാരം ഏർപ്പെടുത്തിയത്.

കേരള ക്രിക്കറ്റ് ലീഗിന്റെ ലോഞ്ചിംഗ് ഇന്ന് തിരുവനന്തപുരത്ത്. ഉച്ചയ്ക്ക് നടൻ മോഹൻലാൽ ഔദ്യോഗിക ലോഞ്ചിംഗ് നടത്തും. KCL ചാംപ്യൻമാർക്ക് നൽകുന്ന ട്രോഫി മന്ത്രി V.അബ്ദുറഹിമാൻ ചടങ്ങിൽ അനാവരണം ചെയ്യും. ക്രിക്കറ്റ് ലീഗിനായി തയ്യാറാക്കിയ പ്രത്യേക ഗാനത്തിന്റെ പ്രകാശനവും ചടങ്ങിൽ നടക്കും.

ഇടുക്കി ജില്ലയിൽ പിന്നാക്ക ക്ഷേമ വകുപ്പിന് ആസ്ഥാന മന്ദിരം പണിയുമന്ന് മന്ത്രി O.R കേളു അറിയിച്ചു. ഇടുക്കി കലക്ട്രേറ്റിൽ പട്ടിക ജാതി - പട്ടിക വർഗ്ഗ, പിന്നാക്ക ക്ഷേമ വകുപ്പുകളുടെ പദ്ധതി അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. പട്ടിക വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതികളിൽ ഭൂ പ്രശ്നം നിലനിൽക്കുന്ന സ്ഥലങ്ങൾ വാങ്ങി നൽകരുതെന്ന് മന്ത്രി നിർദേശിച്ചു. പട്ടിക ജാതി - പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹ്യ കിരൺ പദ്ധതിയിൽ ആരംഭിച്ച ശർക്കര നിർമ്മാണ പ്ലാന്റും "മറയൂർ മധുരം" ശർക്കര വിപണനവും മന്ത്രി O.R കേളു ഇടുക്കി കാന്തല്ലൂരിൽ ഉദ്ഘാടനം ചെയ്തു. കാലങ്ങളായി കരിമ്പ് കൃഷിയും ശർക്കര നിർമ്മാണവും നടത്തി വരുന്ന 150-ഓളം പട്ടിക വർഗ്ഗ കുടുംബങ്ങളെ സംഘടിപ്പിച്ചാണ് ശർക്കര നിർമ്മാണ യൂണിറ്റ് ആരംഭിച്ചത്.

✪✪✪

സംസ്ഥാനത്തെ ആധാരമെഴുത്തുകാർക്കും, പകർപ്പ് എഴുത്തുകാർക്കും, സ്റ്റാമ്പ് വെണ്ടർമാർക്കും, ക്ഷേമനിധി പെൻഷൻകാർക്കും ഓണക്കാല ഉൽസവ ബത്തയായി 5,000 രൂപ അനുവദിച്ചു. മുൻവർഷം ഇത് 4,500 രൂപയായിരുന്നു. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നേരിട്ട് ലഭ്യമാക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അറിയിച്ചു. വയനാട് ദുരന്ത നിവാരണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 10 ലക്ഷം രൂപ നൽകാനും ക്ഷേമനിധി ബോർഡ് യോഗം തീരുമാനിച്ചു.

✪✪✪

എറണാകുളം, പാലക്കാട് ജില്ലകളിൽ സഭാതർക്കത്തിൽപെട്ട മൂന്ന് വീതം പള്ളികൾ ഏറ്റെടുക്കാൻ ഹൈക്കോടതി ജില്ലാ കലക്ടർമാർക്ക് നിർദേശം നൽകി. എറണാകുളം ജില്ലയിലെ ഓടക്കാലി സെന്റ്മേരിസ് ഓർത്തഡോക്സ് ചർച്ച്, പോത്താനിക്കാട് ബെസ് ഫാഗെ

ഓർത്തഡോക്സ് സിറിയൻ ചർച്ച്, മഴുവന്നൂർ സെൻറ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, പാലക്കാട് ജില്ലയിലെ എരിക്കിൻ ചിറ സെൻറ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, ചെറുകുന്നം സെൻറ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, മംഗലംഡാം, സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച്, എന്നിവയാണ് ഏറ്റെടുക്കാൻ നിർദേശം നൽകിയത്. ഹർജികൾ അടുത്തമാസം 30ന് കോടതി വീണ്ടും പരിഗണിക്കും. ഈ തിയതിക്കകം ജില്ലാ കളക്ടർമാർ കോടതിക്ക് റിപ്പോർട്ട് നൽകണം. പള്ളികൾ ഏറ്റെടുക്കുന്നതിന് ജില്ലാ പൊലീസ് മേധാവികൾ ആവശ്യമായ സുരക്ഷ ഒരുക്കണമെന്നും ജസ്റ്റിസ് V.G അരുൺ നിർദ്ദേശിച്ചു.

✪✪✪

ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ 128-ാം ജയന്തി ആഘോഷങ്ങളും സംഗീതോൽസവവും പാലക്കാട് കോട്ടായി ചെമ്പൈ ഗ്രാമത്തിൽ ഇന്ന് ആരംഭിക്കും. രണ്ട് ദിവസത്തെ പരിപാടിയുടെ ഭാഗമായി ചെമ്പൈയുടെ 38-ാം ചരമ വാർഷികാചരണം ചെമ്പൈ വിദ്യാപീഠത്തിൽ K.രാധാകൃഷ്ണൻ MP ഉദ്ഘാടനം ചെയ്യും.

ചെമ്പൈ സംഗീതോൽസവത്തിൽ കേരളത്തിന് അകത്തും പുറത്തും നിന്നെത്തുന്ന സംഗീതജ്ഞർ പങ്കെടുക്കും.

✪✪✪

യുവകലാസാഹിതി UAE ഷാർജ ഘടകം ഏർപ്പെടുത്തിയ C.K ചന്ദ്രപ്പൻ സ്മൃതി പുരസ്ക്കാരം കവിയും

ഗാനരചയിതാവുമായ ഡോ. K. ജയകുമാറിന് നൽകും. അമ്പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്ക്കാരം സെപ്റ്റംബർ എട്ടിന് ഷാർജയിൽ സമ്മാനിക്കും.

⭘⭘⭘

വിരമിച്ച മാധ്യമ പ്രവർത്തകരെയും ജോലിയിൽ ഇരിയ്ക്കുന്ന മാധ്യമ പ്രവർത്തകരെയും മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സീനിയർ ജേണലിസ്റ്റ്സ് ഫോറം സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. പകുതി പെൻഷൻ വാങ്ങുന്ന മുതിർന്ന പത്രപ്രവർത്തകർക്ക് മുഴുവൻ പെൻഷൻ അനുവദിക്കണമെന്നും ഫോറം കൊച്ചിയിൽ ആവശ്യപ്പെട്ടു.

⭘⭘⭘